സുഖമൈന്ദ്രിയകം ദൈത്യാ ദേഹയോഗേന ദേഹിനാം
സർവ്വത്ര ലഭ്യതേ ദൈവാദ്യഥാ ദു:ഖമയത്നത: (7-6-3)
തത്പ്രയാസോ ന കർത്തവ്യോ യത ആയുർവ്യയ: പരം
ന തഥാ വിന്ദതേ ക്ഷേമം മുകുന്ദചരണാംബുജം (7-6-4)

ഒരു ദിവസം അദ്ധ്യാപകൻ ഇല്ലാത്ത സമയം സഹപാഠികൾ പ്രഹ്ലാദനെ പുറത്ത് കളിക്കാൻ ക്ഷണിച്ചു. അപ്പോൾ *പ്രഹ്ലാദൻ പറഞ്ഞു*: "സുഹൃത്തുക്കളേ, ഈ മനുഷ്യജീവിതം വളരെയേറെ വിലപിടിച്ചതാണ്. അതുകൊണ്ട് ചെറുപ്പത്തിലേത്തന്നെ ഈശ്വരസാക്ഷാൽക്കാരം നേടാൻ ഉതകുന്ന സദ്ഗുണങ്ങളും ഈശ്വരഭക്തിയും നാം വളർത്തിയെടുക്കണം. വാസ്തവത്തിൽ മനുഷ്യന് മറ്റൊരു കർത്തവ്യം ഇല്ല തന്നെ. നാം പരിശ്രമിക്കാതെ തന്നെ ദു:ഖം നമുക്ക് വന്നുചേരുന്നതുപോലെ, നമ്മുടെ ശ്രമം കൂടാതെ തന്നെ സുഖാനുഭവങ്ങളും ഉണ്ടാവുന്നു. നമ്മുടെ കർമ്മഫലം കൊണ്ടാണിത്. അതുകൊണ്ട് ഒരുവൻ തന്റെ ഊർജ്ജം സുഖസമ്പാദനത്തിനായി വിനിയോഗിക്കരുത്, കാരണം ആ ശ്രമം ഭഗവൽപ്പദകമലങ്ങളിലേക്ക് നമ്മേ നയിക്കുകയില്ല." ഈ ശരീരം പ്രവർത്തനക്ഷമമായിരിക്കുമ്പോൾ തന്നെ ഭഗവൽപ്പദപ്രാപ്തിക്കായി നാം പരിശ്രമിക്കേണ്ടതാണ്.

ജീവിതം എത്ര ക്ഷണഭംഗുരം. ഒരു നൂറു വർഷം ആയുസ്സുള്ള ഒരാൾ അതിൽ പകുതി ഉറങ്ങിക്കളയുന്നു. ബാക്കിയുള്ളതിൽ ഇരുപതു വർഷം കുട്ടിക്കളികളിലും യുവചാപല്യങ്ങളിലും ചിലവഴിക്കുന്നു. മറ്റൊരു ഇരുപതുവർഷം ജരാതുരത്വത്തിന്റെ പിടിയിൽ കഴിയുന്നു. ബാക്കിയുള്ള തുലോം ചെറിയ കാലയളവ് പ്രയോജനരഹിതമായ സുഖാന്വേഷണത്തിനായി മനുഷ്യൻ ചിലവഴിക്കുന്നു. ഇതുമൂലം കൂടുതൽ ആശങ്കയും അരക്ഷിതാബോധവും അവനുണ്ടാകുന്നു.

എങ്കിലും അജ്ഞാനിയായ മനുഷ്യന്റെ പ്രശ്നങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാണ്. അവന്റെ ഇന്ദ്രിയങ്ങൾ നിയന്ത്രണത്തിലല്ലാത്തതുകൊണ്ട് സുഖഭോഗവസ്തുക്കളുടെ ആകർഷണത്തിൽനിന്നും അവന് മുഖം തിരിക്കാനാവുന്നില്ല. അവൻ ആ വസ്തുക്കളെ അത്യന്താപേക്ഷിതങ്ങളായി കണക്കാക്കുന്നു. ഭാര്യയും കുട്ടികളും മാത്രമെ അവന് സുരക്ഷിതത്വവും പ്രത്യാശയും നൽകുന്നതായി അനുഭവപ്പെടൂ. അവൻ ആസക്തിയോടെ ഒട്ടിനിൽക്കുന്ന വസ്തുവകകളും അവന് പ്രത്യാശയുടെ വ്യാമോഹം നൽകുന്നു. ലൈംഗീകതയും വായിലെ രുചിയും മാത്രം സുഖത്തിനുള്ള മാർഗ്ഗങ്ങളായി മനസിലാക്കിയവന് ആത്മഭാവം കണ്ടെത്താനാവുന്നതെങ്ങിനെ? വേദനകളും പരാജയങ്ങളും മോഹഭംഗങ്ങളും സ്വന്തം മുഖത്തേക്ക് തുറിച്ചു നോക്കുമ്പോഴും അവന് അവയുടെ ഉത്ഭവസ്ഥാനം എന്തെന്ന് മനസിലാവുന്നില്ല. സുഖഭോഗതൃഷ്ണയാണ് അവയുടെ മൂലകാരണം. അവനത് ഉപേക്ഷിക്കാൻ തയ്യാറാവുന്നില്ല. കൂടുതൽ സ്വത്തിന് വേണ്ടി മറ്റുള്ളവനെ കൊള്ളയടിച്ചുപോലും, അത് പാപമെന്നറിഞ്ഞ് കൊണ്ടായാലും അവനത് തുടർന്നുകൊണ്ടേയിരിക്കുന്നു.

ഏതൊരുവന് എന്റെ, നിന്റെ, അവന്റെ എന്നീ നാനാത്വബോധമുണ്ടോ, എതൊരുവൻ സ്വന്തം സ്വത്തുക്കളെയും അപരന്റെ സ്വത്തുക്കളെയും വേറിട്ട് കണ്ട് അവയെല്ലാം സ്വന്തമാക്കാൻ ശ്രമിക്കുന്നുവോ, അവന് വിദ്യാഭ്യാസമുണ്ടെങ്കിൽ കൂടി ഈശ്വരസാക്ഷാത്കാരം അസാദ്ധ്യം. അങ്ങിനെയുള്ളവരുമായ സംഗം ഉപേക്ഷിക്കണം. എന്നാൽ ഈശ്വരസാക്ഷാൽക്കാരത്തിന് കഠിനശ്രമങ്ങളൊന്നും ചെയ്യേണ്ടതായില്ല, കാരണം ഭഗവാൻ സർവ്വവ്യാപിയത്രെ. സത്സംഗവും, സർവ്വഭൂതദയയും സുഹൃത്ഭാവവും മാത്രമേ അതിനു വേണ്ടതായുള്ളൂ. ഇവയിൽനിന്നാണ് നമ്മുടെ കണ്ണുതുറപ്പിക്കുന്ന ആ സത്യം നമുക്ക് വെളിപ്പെടുന്നത്. ഈ വിശ്വം മുഴുവൻ വെറുമൊരു കാഴ്ച മാത്രമാണെന്നും ഭഗവാൻ മാത്രമേ നിജമായിട്ടുള്ളൂ എന്നും നാം അറിയുന്നു. നാരദമുനിയുമായി എനിക്കുണ്ടായ സത്സംഗം മൂലമാണ് എനിക്കീ വിവേകമുദിച്ചത്.